പണിയുന്നതിലേക്കുമായി 20-7-2015-ലെ സ.ഉ. (സാധാ) നമ്പർ 1814/15 ആഭ്യന്തരം പ്രകാരം 215 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കോടതി സമുച്ചയത്തിന്റെ 90% പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാസ്റ്ററിംഗ്, പ്ലംബിംഗ് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പെയിന്റിംഗ്, ഫ്ളോറിംഗ് പണികൾ പുരോഗമിക്കുന്നു. 2016 മാർച്ച് മാസത്തോടെ പണി പൂർത്തീകരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. M/s ഓൾഗ കൺസ്ട്രക്ഷൻസ് ആണ് ടി പണിയുടെ കരാറുകാർ.

പുതുവൈപ്പിനിലെ എൽ.പി.ജി. ഇംപോർട്ട് ടെർമിനലിന് അനുമതി

42 (3547) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ഒ.സി. യുടെ പുതുവൈപ്പിനിലെ നിർദ്ദിഷ്ട എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ സ്ഥാപിക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ: എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മുഖാന്തിരമാണോ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എങ്കിൽ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ; കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ അപേക്ഷ നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ വ്യക്തമാക്കുന്ന വിജ്ഞാപനത്തിന്റെ 4.2 ഖണ്ഡികയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ ടി അപേക്ഷ സമർപ്പിക്കുന്ന കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അനുമതി നൽകിയിട്ടില്ല.

(ബി) അല്ല.

വിജ്ഞാപനത്തിന്റെ 4.2 ഖണ്ഡികയിൽ പറയുന്ന EIA report വാല്യം 1 മുതൽ 4 വരെ ലഭ്യമാക്കിയിട്ടുണ്ട്. (വാല്യം-1 EIA report, വാല്യം-2-റിസ്ക് അനാലിസിസ് റിപ്പോർട്ട്, വാല്യം-3-ഇൻറഗ്രേറ്റഡ് ഡിസാസ്റ്റർ ആന്റ് സേഫ്റ്റി മാനേജ്മെന്റ് പ്ലാൻ -3, വാല്യം-4 ഹസാർഡ് ആന്റ് ഓപ്പറബിലിറ്റി റിപ്പോർട്ട്). NCESS-ൽ നിന്നുള്ള മാപ്പ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ NOC എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly